പതിനാലാം കേരള നിയമസഭ

18-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.T 1342 — 06.02.2020-ൽ മറുപടിക്ക്

നദികളിൽ അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ.എം.ഉമ്മർ<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.അബ്ദുൽ ഹമീദ് പി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) പ്രളയത്തിൽ സംസ്ഥാനത്തെ നദികളിൽ അടിഞ്ഞ് കൂടിയ മണലും മാലിന്യങ്ങളും നീക്കം ചെയ്യുവാൻ തീരുമാനി ച്ചിട്ടുണ്ടോയെന്ന് വെളിപ്പെടു ത്താമോ; | (എ) ഉണ്ട്. പ്രളയം നിമിത്തം നദികളിൽ അടിഞ്ഞ് കൂടിയ മണ്ണും ചെളിയും നീക്കി നദികളുടെ ശേഷി വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് 24.12.2019-ലെ സ.ഉ(സാധാ) നം.3880/2019/റവ ഉത്തരവു പ്രകാരം ബന്ധപ്പെട്ട ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ഈ മണൽ വാരുന്നത് സംബന്ധിച്ച് എന്തെങ്കിലും മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ? | (ബി) സ.ഉ(സാധാ) നം.3880/2019/റവ നമ്പർ സർക്കാർ ഉത്തരവിൽ മണ്ണും ചെളിയും നീക്കം ചെയ്യുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൻപ്രകാരം ചെളിയും അവശിഷ്ടങ്ങളും നീക്കം ചെയ്യപ്പെടുന്ന വേളയിൽ നദീതീരങ്ങളുടെയും നദീതടങ്ങളുടെയും സുരക്ഷയും ഉറപ്പും ജില്ലാ കളക്ടർമാർ ഉറപ്പു വരുത്തേണ്ടതാണ്. ജില്ലാ കളക്ടർമാർക്ക് ഉചിതമെന്ന തോന്നുന്ന രീതിയിൽ അവശിഷ്ടങ്ങൾ നീക്കം ചെയ്യാവുന്നതാണ്. ജിയോളജി, ജലവിഭവ വകുപ്പുകളിലെ സാങ്കേതിക വിദഗ്ധരുടെ സേവനം അവർക്ക് ഇതിനായി പ്രയോജനപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ